REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 18-05-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- അഞ്ചാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം വൈകിട്ട് സമാപിക്കും. ഏഴാം ഘട്ടത്തിലെ നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധനയും ഇന്ന്.
- കേരളത്തിലെ താപനിലയിലുണ്ടായ വർദ്ധന നേരിടാൻ പുതുക്കിയ കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
- സംസ്ഥാനത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഇന്ന് ആരംഭിക്കും.
- കേരളത്തിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- IPL സീസണിലെ അവസാന മത്സരത്തിലും മുംബൈ ഇന്ത്യൻസിന് പരാജയം.

## വാർത്തകൾ വിശദമായി

**അഞ്ചാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് വൈകിട്ട് സമാപിക്കും. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 49 മണ്ഡലങ്ങളാണ് അഞ്ചാം ഘട്ടത്തിൽ മറ്റന്നാൾ വിധി**

എഴുതുന്നത്. ഉത്തർപ്രദേശിലെ അമേഠി, റായ്ബറേലി മണ്ഡലങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.........

ആറാം ഘട്ട വോട്ടെടുപ്പ് ഈ മാസം ഇരുപത്തിയഞ്ചിനാണ്. 57 മണ്ഡലങ്ങൾ ഈ ഘട്ടത്തിൽ വിധി എഴുതും. അടുത്ത മാസം ഒന്നിനാണ് ഏഴാം ഘട്ട വോട്ടെടുപ്പ്. ഏഴാം ഘട്ടത്തിലെ നാമനിർദേശ പത്രിക പിൻവലിക്കുന്നതിന് സമയ പരിധി ഇന്നലെ അവസാനിച്ചു. ഇന്നാണ് സൂക്ഷ്മ പരിശോധന. എട്ടു സംസ്ഥാനങ്ങളിലെ 57 സീറ്റുകളിലേക്കാണ് ഏഴാം ഘട്ടത്തിൽ വോട്ടെടുപ്പ്.

തെരഞ്ഞെടുപ്പ് പ്രചാരണം അവസാന ഘട്ടത്തിലേക്ക് കടക്കവേ മുന്നണികളുടെയും പാർട്ടികളുടെയും നേതാക്കൾ പ്രചാരണ തിരക്കിലാണ്. പൊതു തെരഞ്ഞെടുപ്പിൽ NDA റെക്കോർഡ് സീറ്റുകൾ നേടുമെന്ന് മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി മുംബൈയിൽ തെരഞ്ഞെടുപ്പ് റാലിയിൽ പറഞ്ഞു. സാധാരണക്കാരുടെ ജീവിതം എളുപ്പമാക്കാനാണ് മുൻഗണന നൽകുന്നതെന്നും 2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കാൻ ഇരുപത്തി നാല് മണിക്കൂറും പ്രവർത്തിച്ചു വരികയാണെന്നും അദ്ദേഹം അറിയിച്ചു.

ഡോ. B.R. അംബേദ്കർ തയ്യാറാക്കിയ ഭരണഘടന ഇന്ത്യയിൽ എക്കാലവും ഭദ്രമായി നിലനിൽക്കണമെന്ന്

കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പറഞ്ഞു. മുംബൈയിൽ ഇന്ത്യാ മുന്നണി തെരഞ്ഞെടുപ്പ് റാലിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ എതിരാളികളെ നേരിടാനും ജയിലിൽ അടയ്ക്കാനും കേന്ദ്ര ഗവണ്മെന്റ് അന്വേഷണ ഏജൻസികളെ ഉപയോഗിക്കുകയാണെന്ന് ഖാർഗെ ആരോപിച്ചു. രാജ്യത്തെ പാർലിമെന്ററി സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യാ സഖ്യത്തിന് വോട്ടു ചെയ്യണമെന്ന് NCP നേതാവ് ശരത് പവാർ റാലിയിൽ പറഞ്ഞു.

✪✪✪

കേരളത്തിലെ താപനിലയിലുണ്ടായ വർദ്ധന നേരിടാൻ പുതുക്കിയ കർമ്മ പദ്ധതി തയ്യാറാക്കുമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഇതിന്റെ ഭാഗമായി ചൂട് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ചികിത്സിക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ഗവൺമെന്റ് ആശുപത്രികളിൽ ഹീറ്റ് ക്ലിനിക്കുകൾ ആരംഭിക്കും. ഇതിലൂടെ ആവശ്യക്കാർക്ക് പ്രഥമ ശുശ്രൂഷ നൽകും.

ഈ വർഷം ഏറ്റവും കൂടുതൽ പേർക്ക് സൂര്യാതപം ഏറ്റത് പാലക്കാട് ജില്ലയിലാണ് - 530. എട്ട് പേർക്ക് സൂര്യാഘാതവും ഏറ്റു. 1,441 പേരാണ് കഴിഞ്ഞ മൂന്ന് മാസത്തിനിടെ ചൂടുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ തേടിയതെന്നും തിരുവനന്തപുരത്ത് മാധ്യമ ശിൽപശാലയിൽ അതോറിറ്റി അറിയിച്ചു.

✪✪✪

ട്രെയിനുകളിൽ TTE മാർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാനും കുറ്റക്കാരെ പിടികൂടാനും അതീവ ജാഗ്രത പുലർത്താൻ പാലക്കാട് റെയിൽവെ ഡിവിഷൻ റെയിൽ സുരക്ഷാ സേനയ്ക്കും റെയിൽവെ പൊലീസിനും നിർദേശം നൽകി. യാത്രയ്ക്കിടെ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ തർക്കത്തിന് നിൽക്കാതെ വിവരം RPF-നെ അറിയിക്കാൻ ടിക്കറ്റ് പരിശോധകർക്കും നിർദേശം നൽകിയതായി പാലക്കാട് അഡീഷണൽ ഡിവിഷണൽ റെയിൽവെ മാനേജർ K. അനിൽകുമാർ അറിയിച്ചു.

✪✪✪

വിദേശ സന്ദർശനം പൂർത്തിയാക്കി മുഖ്യമന്ത്രി പിണറായി വിജയനും കുടുംബവും പുലർച്ചെ കൊച്ചിയിലെത്തി. ദുബായിൽ നിന്നാണ് അവർ എമിറേറ്റ്സ് വിമാനത്തിൽ നെടുമ്പാശ്ശേരിയിലെത്തിയത്. ഇന്ന് രാത്രി മുഖ്യമന്ത്രി തിരിച്ചെത്തുമെന്നായിരുന്നു റിപ്പോർട്ടുകൾ.

✪✪✪

മുസ്‌ലിം ലീഗ് സംസ്ഥാന സമിതിയോഗം ഇന്ന് കോഴിക്കോട്ട് ചേരും. ലോക്സഭാ തെരഞ്ഞെടുപ്പ് അവലോകനമാണ് യോഗത്തിന്റെ പ്രധാന അജണ്ട. സമസ്തയുമായി ബന്ധപ്പെട്ട വിവാദങ്ങളും ചർച്ച ആയേക്കും.

✪✪✪

അമേരിക്കയിൽ വാഹനാപകടത്തിൽ മരിച്ച ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് അധ്യക്ഷൻ മാർ അത്തനേഷ്യസ് യോഹാൻ മെത്രാപ്പൊലീത്തയുടെ ഭൗതിക ശരീരം നാളെ

നാട്ടിലെത്തിക്കും. ഉച്ചയോടെ ഭൗതിക ശരീരം നെടുമ്പാശ്ശേരിയിലെത്തിച്ച് വിലാപ യാത്രയായി നിരണം സെന്റ് തോമസ് ബിലീവേഴ്സ് ചർച്ചിലെത്തിക്കും.

✪✪✪

സംസ്ഥാനത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഇന്ന് ആരംഭിക്കും. ഇന്നും നാളെയും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡെങ്കിപ്പനി, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ ശുചീകരണം നടത്തും.

ന്യൂസ് ഡെസ്കിൽ നിന്ന് വിശദാംശങ്ങൾ

.........വോയ്സ്.........

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനങ്ങൾ, സംഘടനകൾ, വ്യാപാരി വ്യവസായികൾ, സ്കൂൾ കോളേജുകളിലെ NSS, NCC, തൊഴിലുറപ്പ്-കുടുംബശ്രീ പ്രവർത്തകർ എന്നിവരെ പങ്കെടുപ്പിച്ചാണ് ശുചീകരണം. നാളെ വാർഡ്തല ശുചിത്വ സമിതിയുടെ നേതൃത്വത്തിൽ എല്ലാ വീടുകളും സന്ദർശിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, ശരിയായ മാലിന്യ സംസ്ക്കരണത്തിന്റെ ആവശ്യകത എന്നിവ പൊതുജനങ്ങളെ ബോധ്യപ്പെടുത്തും.

പകർച്ചവ്യാധികൾ പകരുന്നത് തടയാൻ ഇന്നും നാളെയും വീടും പരിസരവും ശുചീകരിക്കണമെന്ന് മന്ത്രി വീണാ ജോർജ് നിർദേശിച്ചു. കേരള പൊതുജനാരോഗ്യ നിയമം പാലിക്കാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന്

മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ ആശുപത്രികളിലും പനി ചികിത്സയ്ക്കായി പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുമെന്നും വീണാ ജോർജ് മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കേരളത്തിൽ ചൊവ്വാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

അതിശക്ത മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് പാലക്കാട്, മലപ്പുറം ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിലാണ് മഞ്ഞ ജാഗ്രത.

നാളെ പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകി.

കേരള തീരത്ത് നിന്ന് ഇനി ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദേശിച്ചു. മലയോരമേഖലയിലും അതീവജാഗ്രതാ നിർദേശം ഉണ്ട്.

✪✪✪

ശക്തമായ വേനൽ മഴയിൽ ഇടുക്കിയിലെ കാഞ്ഞാർ - പുള്ളിക്കാനം - വാഗമൺ റോഡിൽ പുത്തേടിന് സമീപം മണ്ണിടിഞ്ഞു വീണു. റോഡിലെ തടസ്സം നീക്കി രാത്രിയോടെ

ഗതാഗതം പുനഃസ്ഥാപിച്ചു. ജില്ലയിൽ രാത്രി യാത്രയിൽ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദേശിച്ചു.

പന്തീരാങ്കാവിലെ ഗാർഹിക പീഡനംപോലെ സംഭവങ്ങൾ ആവർത്തിക്കുന്നത് സമൂഹത്തിന്റെ പൊതുബോധത്തിൽ വലിയ മാറ്റം ആവശ്യമുണ്ടെന്നാണ് സൂചിപ്പിക്കുന്നതെന്ന് മന്ത്രി ഡോ. R. ബിന്ദു പറഞ്ഞു. പ്രതിഭാശാലികളായ പെൺകുട്ടികൾക്ക് ഇത്തരം അനുഭവം ഉണ്ടാകുന്നത് അപമാനകരമാണെന്നും അവർ അഭിപ്രായപ്പെട്ടു.

പന്തീരാങ്കാവിൽ ഗാർഹിക പീഡനത്തിന് ഇരയായ പെൺകുട്ടിയുടെ പറവൂർ മാല്യങ്കരയിലെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. പൊതുസമൂഹത്തിൽ ഇപ്പോഴും ശക്തമായി നിലനിൽക്കുന്ന പുരുഷാധിപത്യ പ്രവണതകളിൽ നിന്ന് പോലീസും നീതി നിർവഹണ സംവിധാനങ്ങളും വിമുക്തരാകണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

കുട്ടനാടിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ പരിഗണിച്ച് പക്ഷിപ്പനി നിരീക്ഷണത്തിന് പ്രത്യേക കർമ്മ പദ്ധതി ആവശ്യമാണോയെന്ന് പരിശോധിക്കുമെന്ന് കേന്ദ്ര സംഘം ഉൾപ്പെട്ട പക്ഷിപ്പനി അവലോകന യോഗം അഭിപ്രായപ്പെട്ടു. രോഗലക്ഷണങ്ങൾ കാണുമ്പോൾ മാത്രമല്ലാതെ മുഴുവൻ സമയ നിരീക്ഷണ സംവിധാനം ഊർജിതമാക്കണമെന്നും ആലപ്പുഴയിൽ ചേർന്ന യോഗം നിർദേശിച്ചു. പക്ഷിപ്പനി

ആവർത്തിക്കുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കേണ്ടതുണ്ടെന്നും യോഗം അഭിപ്രായപ്പെട്ടു.

തലവടി, തഴക്കര, ചമ്പക്കുളം എന്നിവിടങ്ങളിൽ പക്ഷിപ്പനി സ്ഥിരീകരിച്ച സാഹചര്യത്തിൽ പ്രഭവ കേന്ദ്രത്തിന് 10 കിലോമീറ്റർ ചുറ്റളവിൽ താറാവ്, കോഴി, കാട, മറ്റു വളർത്തു പക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ടം എന്നിവയുടെ ഉപയോഗവും വിപണനവും കടത്തും ജില്ല കളക്ടർ നിരോധിച്ചു.

✪✪✪

IPL സീസണിലെ അവസാന മത്സരത്തിലും മുംബൈ ഇന്ത്യൻസ് പരാജയപ്പെട്ടു. ലഖ്നൗ സൂപ്പർ ജയന്റ്സിനോട്, 18 റൺസിനാണ് മുംബൈ തോറ്റത്. 14 കളികളിൽ നിന്ന് 14 പോയിന്റ് നേടിയെങ്കിലും, ലഖ്നൗ പ്ലേ ഓഫ് കാണാതെ പുറത്തായി.

ഇന്ന് റോയൽ ചലഞ്ചേഴ്സ് ബംഗളുരു, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ബംഗളുരുവിലാണ് മത്സരം.

✪✪✪

മലപ്പുറത്തെ ജൻ ശിക്ഷൻ സൻസ്ഥാൻ നബാർഡുമായി ചേർന്ന് സംഘടിപ്പിച്ച *ഫുട്ബോളാണ് ലഹരി*, ലഹരി വിരുദ്ധ ക്യാമ്പയിൻ ഫുട്ബോൾ ടൂർണമെന്റിൽ ചെമ്പൻകൊല്ലി ടീം ജേതാക്കളായി. വിജയികൾക്ക് ഗോത്രാമൃത് ട്രോഫി സമ്മാനിച്ചു. 32 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

⭐⭐⭐

സംസ്ഥാനത്ത് പത്ത് ലക്ഷത്തിലേറെ പേരുടെ ഡ്രൈവിംഗ് ലൈസൻസ് അപേക്ഷകൾ കെട്ടിക്കിടക്കുന്നുവെന്ന റിപ്പോർട്ടുകൾ വസ്തുതാ വിരുദ്ധമാണെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ വാർത്താ കുറിപ്പിൽ അറിയിച്ചു. രണ്ട് ലക്ഷത്തി 25,000 ത്തോളം അപേക്ഷകളാണ് ശേഷിക്കുന്നത്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ സാരഥി സോഫ്റ്റ് വെയറിന്റെ സാങ്കേതിക പ്രശ്നം മൂലം ലൈസൻസ് സേവനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ട്. ഇത് പ്രവർത്തന സജ്ജമാകുന്നതോടെ ഇപ്പോഴത്തെ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ വ്യക്തമാക്കി.

⭐⭐⭐

മുൻ മുഖ്യമന്ത്രി E.K. നായനാരുടെ ചരമ വാർഷിക ദിനമായ നാളെ കണ്ണൂരിൽ അനുസ്മരണ പരിപാടികൾ സംഘടിപ്പിക്കും. ഇതിന്റെ ഭാഗമായി ഇന്നും നാളെയും തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മഴക്കാല പൂർവ്വ ശുചീകരണവും പാർട്ടി സംഘടിപ്പിക്കുമെന്ന് ജില്ലാ സെക്രട്ടറി M.V ജയരാജൻ അറിയിച്ചു. ബർണശ്ശേരിയിലെ നായനാർ മ്യൂസിയം നാളെ മുതൽ പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്.

⭐⭐⭐

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച പഞ്ചായത്തുകളിൽ ഇന്ന് കള്ളിങ്ങ് നടത്തും. പ്രഭവ

കേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ 12,678 വളർത്തുപക്ഷികളെ കൊന്നൊടുക്കാനാണ് തീരുമാനം.

✪✪✪

ആകാശവാണി കോഴിക്കോട് നിലയത്തിലെ ടെക്നിഷ്യനായിരുന്ന അബ്ദുൽ മജീദ് പീടിയേക്കൽ നിര്യാതനായി. 73 വയസ്സായിരുന്നു. ഖബറടക്കം രാവിലെ കോഴിക്കോട് കണ്ണംപറമ്പ് പള്ളി ഖബറിസ്ഥാനിൽ നടത്തും.

✪✪✪

പാലക്കാട്, കഞ്ചിക്കോട് അയ്യപ്പൻ മലയിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽ നിന്ന് ഷോക്കേറ്റ് രണ്ടു കരടികൾ ചത്തു. കാറ്റിലും മഴയിലും മരം വീണാണ് വൈദ്യുതി കമ്പി പൊട്ടിവീണത്. കരടികളുടെ ജഡം ധോണിയിലെ താൽക്കാലിക വെറ്ററനറി കേന്ദ്രത്തിലേക്ക് മാറ്റി.

മെഡിക്കൽ സംഘം രാവിലെ കരടികളുടെ പോസ്റ്റ് മോർട്ടം നടത്തുമെന്ന് വനം വകുപ്പ് അറിയിച്ചു.

✪✪✪

പാലക്കാട് ജില്ലയിൽ ഒന്നാം വിള നെൽകൃഷിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്ന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം വിലയിരുത്തി. എന്നാൽ മഴയുടെ കുറവു മൂലം ഡാമുകളിൽ നിന്ന് വെള്ളം ലഭ്യമാക്കാൻ നിർവ്വാഹമില്ലെന്ന് കലക്ടർ അറിയിച്ചു.

✪✪✪